**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1727** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക നിയമനങ്ങൾക്ക് അവസാനമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് എന്നാണെന്നും ഇതിൽ യു.ജി.സി. ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; | (എ) | കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാ പക നിയമനങ്ങൾക്ക് അവസാനമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് 31/12/2019 നാണ്. യു.ജി.സി ചട്ടങ്ങൾ പാലിച്ചിട്ടുണ്ട്. |
| (ബി) | അധ്യാപക തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് കാലിക്കറ്റ് സർവ്വകലാശാല യു.ജി.സി.യുടെ 04/06/2019ലെ DO No.F1-14/2019 (CPP-II) കത്ത് പ്രകാരമുള്ള നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | 116 ഓളം ഒഴിവുകൾ നികത്താനുള്ള തിനാൽ നിർദ്ദിഷ്ട സമയമായ ആറു മാസത്തിനുള്ളിൽ നിയമനപ്രക്രിയ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. WP(C) Nos. 9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 03 rd day of February 2016 കോടതി വിധിപ്രകാരമുള്ള കാര്യങ്ങ ളൊഴിച്ച് മറ്റ് മാർഗനിർദേശങ്ങൾ പാലിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് വിവിധ പഠന വകുപ്പുകളിലെ ഒഴിവ് നിലവിൽ വരുന്ന തീയതി നിജപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ റിസർവേഷൻ റോസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ഒഴിവ് നിലവിൽ വന്ന തീയതി സർവ്വകലാശാലയിൽ ഉണ്ടെങ്കിലും കോടതിവിധിപ്രകാരം സംവരണം നടപ്പിലാക്കേണ്ടത് നിയമനസമയ ത്താണ്. നിയമന പ്രക്രിയ പൂർത്തീകരി ച്ചതിനുശേഷം ലഭ്യമാക്കാൻ കഴിയുന്ന താണ്. |
| (ഡി) | ഈ നിയമനത്തിന് വിജ്ഞാപനം ഇറക്കുന്നതിന് മുമ്പ് അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ തസ്തികകൾ ഏതെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ഡി) | സംവരണം നടപ്പിലാക്കുന്ന സമയത്ത് അംഗപരിമിതരായ ഉദ്യോഗാർത്ഥി കൾക്ക് KSSR പ്രകാരം ഉള്ള സംവരണം നൽകുന്നതാണ്. വിശദാംശങ്ങൾ നിയമന പ്രക്രിയ പൂർത്തീകരിച്ചതിനു ശേഷം ലഭ്യമാക്കാൻ കഴിയുന്നതാണ്. |
| (ഇ) | കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക നിയമനത്തിൽ വ്യാപകമായ ചട്ടലംഘനം (UGC Regulation, KS &SSR Rule, Right to persons with Disability Act 2016) നടക്കുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | അദ്ധ്യാപക നിയമനത്തിൽ എല്ലാ ചട്ടങ്ങളും കോടതിവിധികളും പാലിച്ചിട്ടു ള്ളതായി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ